**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T4303** **19.10.2011 ലെ മറുപടിയ്ക്ക്**

**<u>പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി</u>**

| ചോദ്യം | ഉത്തരം |
|---|---|
| **പതിമൂന്നാം കേരള നിയമസഭ** | |
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | **ശ്രീ. കെ.സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി)** |
| (എ) എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളും നിലവിൽ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരാണോ; | (എ) അല്ല. |
| (ബി) എങ്കിൽ പുതുതായി തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന ബി.പി.എൽ ലിസ്റ്റിൽ നിന്ന് സർക്കാർ ജീവനക്കാരായ പട്ടികവർഗക്കാരെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനായി നിശ്ചയിച്ച ഒഴിവാക്കൽ മാനദണ്ഡങ്ങൾ പ്രകാരം ഒഴിവാക്കപ്പെടേണ്ട കുടുംബങ്ങളെ ഒഴിവാക്കിയ ശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ കുടുംബങ്ങളേയും 2011 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ച ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ ഒഴികെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളേയും ബി.പി. എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഇതിൽ സർക്കാർ ജീവനക്കാർക്ക് പുറമെ അർദ്ധ സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പട്ടികവർഗ്ഗ ജീവനക്കാരും ഉൾപ്പെടുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളവരിൽ അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരും ഉൾപ്പെടും. |
| (ഡി) എങ്കിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരടക്കമുള്ള കുറഞ്ഞ ശമ്പളമുള്ള പട്ടികവർഗ ജീവനക്കാരെ ബി.പി. എൽ ലിസ്റ്റിൽ തന്നെ നിലനിർത്തുന്ന കാര്യം പരിഗണിക്കുമോ; | (ഡി) & (ഇ) സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കാൻ കഴിയുകയില്ല എന്നതിനാൽ ഇക്കാര്യം പരിഗണിയ്ക്കാൻ കഴിയുകയില്ല. |
| (ഇ) അല്ലെങ്കിൽ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുന്നതിന് ഒരു നിശ്ചിത ശമ്പള പരിധി പട്ടികവർഗ ജീവനക്കാർക്കായി നിശ്ചയിക്കുമോ ? | |

**സെക്ഷൻ ഓഫീസർ**